## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1518 — 07.06.2018 -ൽ മറുപടിയ്ക്ക്

### റവന്യൂ വകുപ്പിന്റെ ഭരണസംവിധാനം

| ചോദ്യം : | മറുപടി : |
|---|---|
| ശ്രീ.എൽദോ എബ്രഹാം | ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിന്റെ ഭരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് അറി യിക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റവന്യൂ വകുപ്പിൽ 09/10/2017 ലെ GO(Rt) No. 4246/2017/RD പ്രകാരം കൊല്ലം, കോട്ടയം ജില്ലകളിൽ ഇടമൺ കൊച്ചി 400KV ട്രാൻസ്മിഷൻ ലൈൻ പ്രവർത്തന ങ്ങൾക്കായി രണ്ട് എൽ.എ യൂണിറ്റുകളിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം കൂടുതൽ കാര്യക്ഷമ മായും അതിവേഗത്തിലും ലഭ്യമാക്കു ന്നതിനായി 13/12/2017 ലെ സ.ഉ(കൈ) നം. 429/2017/റവ നമ്പർ ഉത്തരവ് പ്രകാരം തൃശ്ശൂർ കണ്ണൂർ ജില്ലകളിൽ പുതിയ രണ്ട് താലൂക്കുകൾ സൃഷ്ടിച്ചിട്ടുണ്ട്. അതുപോലെ പൊതുജനങ്ങളുടെ ആവശ്യങ്ങളും പ്രശ്ന ങ്ങളും കാര്യക്ഷമമായും സുതാര്യമായും വേഗതയിലും കൈകാര്യം ചെയ്യുന്നതി ലേക്കായി 06/02/2018 ലെ സ.ഉ(കൈ) നം.45/2018/റവ നമ്പർ ഉത്തരവ് പ്രകാരം 5 റവന്യൂ ഡിവിഷണൽ ആഫീസുകളും പുതുതായി ആരംഭിച്ചിട്ടുണ്ട്.<br>റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിലേക്കാ യി ഇ-ഗവേണൻസിന്റെ സഹായത്തോടു കൂടി നിരവധി സേവനങ്ങൾ റവന്യൂ ആഫീ സുകളിൽ ലഭിക്കുന്നുണ്ട്. പ്രസ്തുത സേവന ങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം-i ആയി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വില്ലേജ് ഓഫീസുകൾ നവീകരിക്കുന്നതിനും സ്മാർട്ട് ആക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2016-17 സാമ്പത്തിക വർഷത്തിൽ 7 വില്ലേജാഫീസുകളും 2017-18 സാമ്പത്തിക വർഷത്തിൽ 39 വില്ലേജാഫീസുകളും (ആകെ 46) സ്മാർട്ട് വില്ലേജ് ആഫീസുകൾ ആക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ വിശദവിവരം അനുബന്ധം. II ആയി ചേർത്തിട്ടുണ്ട്. |
| (സി) | വില്ലേജ് ഓഫീസുകളിലെ ജോലിഭാരം കണക്കിലെടുത്ത് ജീവനക്കാർക്ക് ഓഫീസുകളോടനുബന്ധിച്ച് ക്വാർട്ടേഴ്സ് പണികഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | വില്ലേജാഫീസ് ജീവനക്കാർക്ക് ക്വാർട്ടേഴ്സ് പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വില്ലേജ് ജീവനക്കാർക്ക് ക്വാർട്ടേഴ്സ് പണിയുന്നതിനു 13-ാം പഞ്ചവൽസര പദ്ധതിയിൽ പ്രൊപ്പോസൽ സമർപ്പിക്കുകയും, അതിന്റെ ഒന്നാം വർഷ പദ്ധതിയായി 2017-18 സാമ്പത്തിക വർഷത്തിൽ 800 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ടി തുകയ്ക്ക് ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി 32 സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് GO(Rt)No.4037/17/RD തീയതി 25/09/2017 പ്രകാരം ഭരണാനുമതി നൽകുകയും ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. 2018-19 വർഷത്തിൽ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിനു 300 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടി തുകയ്ക്ക് 12 സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം- I</u>

റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമവും സുതാര്യ വുമാക്കുന്നതിലേക്കായി ഇ-ഗവേണൻസിന്റെ സഹായത്തോടു കൂടി താഴെപ്പറയുന്ന സേവനങ്ങൾ റവന്യൂ ആഫീസുകളിൽ ലഭിക്കുന്നുണ്ട്.

<u>1. ഇ- ഡിസ്ട്രിക്റ്റ്</u>

വില്ലേജ്/ താലൂക്ക് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്കാവശ്യമുള്ള വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന് ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഇ- ഡിസ്ട്രിക്ട് പദ്ധതി. സംസ്ഥാനത്തെ വില്ലേജ്/ താലൂക്ക് ഓഫീസുകളിൽ നിന്നും നൽകി വരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ/ തഹസീൽദാരുടെ ഡിജിറ്റൽ ഒപ്പോടു കൂടി ഓൺലൈനായി നൽകി വരുന്നു.

<u>താഴെപ്പറയുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ- ഡിസ്ട്രിക്റ്റ് സംവിധാനം വഴി നൽകി വരുന്നു.</u>

1. ജാതി സർട്ടിഫിക്കറ്റ്
2. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
3. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്
4. ബന്ധുത്വ സർട്ടിഫിക്കറ്റ്
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6. ഡൊമിസൈൽ സർട്ടിഫിക്കറ്റ്
7. വരുമാന സർട്ടിഫിക്കറ്റ്
8. കൈവശാവകാശ സർട്ടിഫിക്കറ്റ്
9. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
10. പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്
11. സോൾവൻസി സർട്ടിഫിക്കറ്റ്
12. ലൊക്കേഷൻ സർട്ടിഫിക്കറ്റ്
13. കൺവെർഷൻ സർട്ടിഫിക്കറ്റ്
14. ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്
15. അഗതി സർട്ടിഫിക്കറ്റ്
16. കുടുംബാഗത്വ സർട്ടിഫിക്കറ്റ്
17. മിശ്ര വിവാഹ സർട്ടിഫിക്കറ്റ്
18. നോൺ റീ മാര്യേജ് സർട്ടിഫിക്കറ്റ്

19. ലൈഫ് സർട്ടിഫിക്കറ്റ്
20. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്
21. പൊസഷൻ ആന്റ് നോ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്
22. വാല്യുവേഷൻ സർട്ടിഫിക്കറ്റ്
23. വിധവ/ വിഭാര്യൻ സർട്ടിഫിക്കറ്റ്
24. മൈനോരിറ്റി സർട്ടിഫിക്കറ്റ്

2. <u>ആർ.ആർ. ഓൺലൈൻ</u>

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ് ലൈൺ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന പുതിയ ഓൺലൈൻ സംവിധാനം നിലവിലുണ്ട്. ഇതിലൂടെ അർത്ഥനാധികാരികൾക്ക് റവന്യൂ റിക്കവറി സംബന്ധിച്ച വിവരങ്ങൾ നേരിട്ട് രേഖപ്പെടുത്തുവാനും ജില്ല, താലൂക്ക് അധികാരികൾക്ക് ഓൺലൈനായി റവന്യൂ റിക്കവറി സംബന്ധിച്ച നടപടികൾ സ്വീകരിക്കുവാനും കഴിയും.

3. <u>ഇ– പെയ്മെന്റ്</u>

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പെയ്മെന്റുകളും ഓൺലൈൻ വഴി ഒടുക്കുന്നതിനുള്ള ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റവന്യൂ വകുപ്പിലെ വിവിധ നികുതികൾ, സാമ്പത്തിക സേവനങ്ങൾ, വിവിധ ഇനം ഫീസുകൾ എന്നിവ ഇ-ട്രഷറി സംവിധാനവുമായി സംയോജിപ്പിച്ചു കൊണ്ട് സമഗ്രമായ ഒരു ഇ-പെയ്മെന്റ് പ്ലാറ്റ് ഫോം എന്നതാണ് ഇതു കൊണ്ട് ലക്ഷ്യമിടുന്നത്.

4. <u>സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation)</u>

ഭൂസംബന്ധമായി റവന്യൂ രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടു കൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ

# അനുബന്ധം. II

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2016-17 സാമ്പത്തിക വർഷത്തിൽ 7 വില്ലേജാഫീസുകളും 2017-18 സാമ്പത്തിക വർഷത്തിൽ 39 വില്ലേജാഫീസുകളും (ആകെ 46) സ്മാർട്ട് വില്ലേജ് ആഫീസുകൾ ആക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള വില്ലേജുകൾ

**2016-17**

| ക്രമ നം. | ജില്ല | വില്ലേജിന്റെ പേര് |
|---|---|---|
| 1 | തിരുവനന്തപുരം | കഠിനംകുളം |
| 2 | കൊല്ലം | തഴുത്തല |
| 3 | കോട്ടയം | നെടുങ്കുന്നം |
| 4 | തൃശ്ശൂർ | ചെറുതുരുത്തി |
| 5 | പാലക്കാട് | കണ്ണാമ്പ്ര- II |
| 6 | കോഴിക്കോട് | പന്തീരാങ്കാവ് |
| 7 | കാസർഗോഡ് | വലിയപറമ്പ് |

**2017-18**

| ക്രമ നം. | ജില്ല | വില്ലേജ് |
|---|---|---|
| 1 | തിരുവനന്തപുരം | ചെറുവയ്ക്കൽ<br>കടയ്ക്കാവൂർ<br>പട്ടം |
| 2 | കൊല്ലം | ചണ്ണപ്പേട്ട<br>ഓച്ചിറ<br>എഴുകോൺ |
| 3 | പത്തനംതിട്ട | കുരമ്പാല<br>തുമ്പമൺ<br>മൈലപ്ര |

| | | |
|---|---|---|
| 4 | ആലപ്പുഴ | പട്ടണക്കാട്<br>പാണാവള്ളി<br>വള്ളിക്കുന്നം |
| 5 | കോട്ടയം | വടക്കേമുറി<br>വാഴൂർ<br>കോരുതോട് |
| 6 | ഇടുക്കി | പെരിയാർ<br>ഏലപ്പാറ<br>അണക്കര |
| 7 | എറണാകുളം | മുളവൂർ<br>പുതുവൈപ്പ്<br>വെള്ളൂർകുന്നം |
| 8 | തൃശ്ശൂർ | പീച്ചി<br>വെള്ളിക്കുളങ്ങര<br>എറിയാട് |
| 9 | പാലക്കാട് | ഓങ്ങല്ലൂർ-2<br>കൊങ്ങാട്-2<br>തൃത്താല |
| 10 | കോഴിക്കോട് | കരുവൻതുരുത്തി<br>ആയഞ്ചേരി |
| 11 | മലപ്പുറം | മൂത്തേടം<br>തൃക്കണ്ടിയൂർ |
| 12 | വയനാട് | കുപ്പാടി<br>കൽപ്പറ്റ |
| 13 | കണ്ണൂർ | ചൊക് ളി<br>ന്യൂ നടുവിൽ<br>തിരുമേനി |
| 14 | കാസർഗോഡ് | ബേളൂർ<br>കള്ളാർ<br>വോർക്കാടി |

സെക്ഷൻ ഓഫീസർ